# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE : 17.06.2025** | പ്രധാന വാർത്തകൾ | **TIME:12.50PM**

1. ജി 7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. സുപ്രധാന ആഗോള വിഷയങ്ങൾ ജി-7 നേതാക്കളുമായി ചർച്ച ചെയ്യുമെന്ന് പ്രധാനമന്ത്രി.

**Prime Minister Narendra Modi will participate in the G-7 Summit at Kananaskis, Canada this evening. PM will exchange views with leaders of G-7 countries, other invited outreach countries and Heads of International Organisations on crucial global issues**

2. ഇറാൻ-ഇസ്രയേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ടെഹ്റാനിലെ ഇന്ത്യൻ വിദ്യാർത്ഥികളെ ഒഴിപ്പിച്ച് ഇന്ത്യൻ എംബസി. വിദേശകാര്യ മന്ത്രാലയം 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജമാക്കി.

**Indian students in Tehran have been moved out of the city for reasons of safety through arrangements made by the Indian Embassy in Iran. In view of the ongoing developments in Iran and Israel, the Ministry of External Affairs (MEA) has set up a 24x7 control room to monitor the situation and assist Indian national.**

3. സംഘർഷം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ സമാധാനത്തിനുള്ള ആഹ്വാനവുമായി ജി7 നേതാക്കൾ. നയതന്ത്ര

ചർച്ചകൾക്ക് ഇറാൻ തയ്യാറാകണമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

**Amid rising tensions in the Middle East, G7 leaders issued a unified statement addressing the escalating situation between Israel and Iran. US President Donald Trump highlights the urgent need for Iran to enter diplomatic talks**

4. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. കൊട്ടിക്കലാശം ആവേശകരമാക്കാനൊരുങ്ങി മുന്നണികൾ.

**Public campaigning for Nilambur byelection ends today. Political parties intensified campaigning ahead of 'Kalashakottu'**

5. കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത. തീരദേശ കർണാടകയിൽ കനത്ത മഴയിൽ വ്യാപക നാശനഷ്ടം.

**IMD predicts heavy rainfall today in northern districts of Kerala. Heavy rains that lashed various districts of Karnataka, particularly in coastal regions have claimed 3 lives, besides damaging houses, disrupting power supply and traffic.**

**&&&&&&&&&&&&&&&&&&&&&**

## HEADLINE-1

**PM CANADA**

കാനഡയിൽ നടക്കുന്ന ജി 7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. സൈപ്രസ് പര്യടനം പൂർത്തിയാക്കി ഇന്ന് രാവിലെ കാനഡയിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മളമായ

വരവേൽപാണ് ലഭിച്ചത്. സുപ്രധാനമായ ആഗോള വിഷയങ്ങൾ ജി-7 നേതാക്കളുമായി ചർച്ച ചെയ്യുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ഗ്ലോബൽ സൗത്തിന്റെ പ്രാധാന്യം ഉച്ചകോടിയിൽ ചർച്ച ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു. തുടർച്ചയായ ആറാം തവണയാണ് ജി-7 ഉച്ചകോടിയിൽ ശ്രീ മോദി പങ്കെടുക്കുന്നത്. ആഗോള തലത്തിലെ സാമ്പത്തിക, ഭൗമരാഷ്ട്രീയ വിഷയങ്ങളാണ് ഉച്ചകോടി ചർച്ച ചെയ്യുക. യുഎസ്, യുകെ ഫ്രാൻസ്, ജർമനി, ഇറ്റലി, ജപ്പാൻ, കാനഡ, എന്നീ രാജ്യങ്ങളുടെയും യൂറോപ്യൻ യൂണിയൻറെയും കൂട്ടായ്മയാണ് ജി-7.

&&&&&&&&&&&&&&

## HEADLINE-3

### G-7 JOINT STATEMENT

ഇസ്രായേൽ - ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ സമാധാനത്തിനുള്ള ആഹ്വാനവുമായി ജി7 നേതാക്കൾ. ഇസ്രായേലിന് സ്വയം പ്രതിരോധിക്കാനുള്ള അവകാശമുണ്ടെന്നും എന്നാൽ, സംഘർഷങ്ങളിൽ സാധാരണക്കാർ ഇരയാകാതെ സംരക്ഷിക്കേണ്ടതുണ്ടെന്നും നേതാക്കൾ സംയുക്ത പ്രസ്താവനയിൽ വ്യക്തമാക്കി. ആണവായുധം കൈവശം വയ്ക്കാൻ ഇറാനെ ഒരിക്കലും അനുവദിക്കരുതെന്ന ദീർഘകാല നിലപാടും ജി7 രാജ്യങ്ങൾ ആവർത്തിച്ചു. സംഘർഷങ്ങൾ അന്താരാഷ്ട്ര ഊർജ്ജ വിപണികളെ ബാധിക്കാതിരിക്കാൻ കൂട്ടായ ശ്രമം ആവശ്യമാണെന്നും സംയുക്ത പ്രസ്താവനയിൽ പറയുന്നു.

&&&&&&&&&&&&&&

### MEA INDIAN STUDENTS

ടെഹ്റാനിലെ ഇന്ത്യൻ വിദ്യാർത്ഥികളെ സംഘർഷ സാഹചര്യം കണക്കിലെടുത്ത് ഇന്ത്യൻ എംബസി നഗരത്തിൽ നിന്നും ഒഴിപ്പിച്ചു. മറ്റ് ഇന്ത്യൻ പൗരന്മാർക്കും സുരക്ഷിത ഇടങ്ങളിലേക്ക് മാറാൻ നിർദേശം നൽകിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യക്കാർക്ക് ഇറാൻ - അർമേനിയ അതിർത്തിയിലൂടെ പുറത്തു കടക്കാനും എംബസി സൗകര്യമൊരുക്കിയിട്ടുണ്ട്.

**&&&&&&&&&&&&&&&&**

**MEA – CONTROL ROOM**

ഇസ്രായേൽ- ഇറാൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ വിദേശകാര്യ മന്ത്രാലയം 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും സജ്ജമാക്കി. അടിയന്തര സഹായങ്ങൾക്ക് 1800 118 797 എന്ന ഹെൽപ്പ്ലൈൻ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. കൂടാതെ, +91-99682 91988 എന്ന വാട്ട്സ്ആപ്പ് നമ്പറും situationroom@mea.gov.in എന്ന ഇമെയിൽ വിലാസവും സജ്ജമാക്കിയിട്ടുണ്ട്. ഇറാനിലുള്ള ഇന്ത്യക്കാർക്ക് ഇന്ത്യൻ എംബസിയുടെ അടിയന്തര ഹെൽപ്പ്ലൈൻ നമ്പറുകളായ +98 91281 09115, +98 91281 09109 എന്നിവയിലും ബന്ധപ്പെടാം.

**&&&&&&&&&&&&&&&&**

**IRAN ISRAEL**

ഇറാൻ-ഇസ്രയേൽ സംഘർഷം അഞ്ചാംദിവസവും അതിരൂക്ഷമായി തുടരുകയാണ്. ഇറാന്റെ ഔദ്യോഗിക ടെലിവിഷൻ ചാനലിന് നേരെ ഇസ്രയേൽ ഇന്നലെ മിസൈൽ ആക്രമണം നടത്തി. തത്സമയ വാർത്താ അവതരണത്തിനിടെയാണ് ആക്രമണമുണ്ടായത്. ഇറാൻ മിസൈലുകൾ ഇസ്രയേൽ നഗരങ്ങളായ ടെൽ അവീവിലും, ഹൈഫയിലും കനത്ത നാശനഷ്ടമുണ്ടാക്കി. നിരവധി വീടുകൾ തകർക്കപ്പെടുകയും സാധാരണ ജനങ്ങൾക്ക് ജീവൻ നഷ്ടപ്പെടുകയും ചെയ്തതായാണ് റിപ്പോർട്ടുകൾ. ഇറാന്റെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമേനിയെ ഇസ്രായേൽ ലക്ഷ്യം വയ്ക്കുന്നതായുള്ള റിപ്പോർട്ടുകൾ തള്ളാൻ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു വിസമ്മതിച്ചു. എന്നാൽ, ഖമേനിയെ വധിക്കാനുള്ള ഇസ്രായേലിന്റെ പദ്ധതികളോട് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് വിയോജിച്ചതായും റിപ്പോർട്ടുകളുണ്ട്.

**&&&&&&&&&&&&&&&&**

# HEADLINE-2

**Trump – Tehran**

ഇറാൻ- ഇസ്രയേൽ സംഘർഷ പശ്ചാത്തലത്തിൽ ജനങ്ങൾ ടെഹ്റാനിൽ നിന്ന് എത്രയും വേഗം ഒഴിഞ്ഞു പോകാൻ നിർദേശിച്ച് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഒരു കോടിയോളം ജനങ്ങളാണ് ഇറാൻ തലസ്ഥാനമായ ടെഹ്റാനിൽ താമസിക്കുന്നത്. ഇറാന് ആണവായുധം കൈവശം വയ്ക്കാൻ സാധിക്കില്ലെന്നും നയതന്ത്ര ചർച്ചകൾക്ക് ഇറാൻ തയ്യാറാകണമെന്നും ട്രംപ് വ്യക്തമാക്കി. സംഘർഷ പശ്ചാത്തലത്തിൽ യുഎസ് പ്രസിഡൻറ് ജി 7 സന്ദർശനം വെട്ടിച്ചുരുക്കുമെന്ന് വൈറ്റ്ഹൗസ് അറിയിച്ചു. അതേസമയം വെടിനിർത്തലിനായി ഇസ്രയേലിന് മേൽ സമ്മർദ്ദം ചെലുത്തുന്നതിന് ട്രംപിനോട് ആവശ്യപ്പെടാൻ ഖത്തർ, സൗദി, ഒമാൻ എന്നീ രാജ്യങ്ങളുടെ സഹായം ഇറാൻ തേടിയതായി റിപ്പോർട്ടുകളുണ്ട്.

**&&&&&&&&&&&&&&&**

## HEADLINE-4

**NILAMBUR BYELECTION (INTRO)**

***നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. കൊട്ടിക്കലാശം ആവേശകരമാക്കാനുള്ള തയ്യാറെടുപ്പിലാണ് മുന്നണികൾ. പ്രധാനമായും നിലമ്പൂരിലും എടക്കരയിലുമാണ് ഇന്ന് വൈകുന്നേരം കൊട്ടിക്കലാശം. എൽഡിഎഫിന്റെ എം സ്വരാജ്, യുഡിഎഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎയുടെ മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ എന്നിവരാണ് മത്സര രംഗത്തെ പ്രമുഖർ.***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...***

***(ഹോൾഡ്)***

**&&&&&&&&&&&&&&&**

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........**

(ബ്രേക്ക്)

**&&&&&&&&&&&&&&**

**<u>GUJARAT – DNA TEST</u>**

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച 125 പേരെ ഡി.എൻ.എ പരിശോധനയിൽ തിരിച്ചറിഞ്ഞതായി ഗുജറാത്ത് സർക്കാർ. 83 മൃതദേഹങ്ങൾ ഇതിനകം ബന്ധുക്കൾക്ക് കൈമാറി. വിമാനത്തിന്റെ പൈലറ്റായിരുന്ന സുമിത് സഭർവാളിന്റെ മൃതദേഹം ഇന്ന് മുംബൈയിലെ വസതിയിൽ എത്തിച്ചു.

**&&&&&&&&&&&&&&**

**<u>GADKARI – ROAD</u>**

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി രണ്ടായിരം ഡ്രൈവിംഗ് പരിശീലന സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച് കേന്ദ്ര സർക്കാർ പിന്നാക്ക, ആദിവാസി മേഖലകളിലായിരിക്കും പരിശീലന സ്കൂളുകൾ തുറക്കുന്നതെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി അറിയിച്ചു. ഇത് യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും, രാജ്യത്ത് നിലവിൽ ഏകദേശം 22 ലക്ഷം ഡ്രൈവർമാരുടെ കുറവുണ്ടെന്നും അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&**

**<u>DESERTIFICATION (INTRO)</u>**

***<u>ഏക് പേട് മാ കെ നാം ക്യാമ്പയിനിലൂടെ കൂടുതൽ മരങ്ങൾ നാട്ടു പിടിപ്പിക്കുന്നതിന് എല്ലാവരും മുന്നോട്ടു വരണമെന്ന് കേന്ദ്ര പരിസ്ഥിതിമന്ത്രി ഭൂപേന്ദർ യാദവ്. മരുഭൂവൽക്കരണവും വരൾച്ചയും പ്രതിരോധിക്കുന്നതിനായുള്ള ലോക ദിനത്തോടനുബന്ധിച്ച് ജോധ്പൂരിൽ സംഘടിപ്പിച്ച ദേശീയ ശിൽപശാലയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.</u>***

( വോയിസ്...)

&&&&&&&&&&&&&&&&&&&&&&&&

**YOGA DAY PREPARATIONS**

ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കും. 21-ന് രാവിലെ 6:30 മുതൽ 7:40 വരെ ആയിരിക്കും പരിപാടികൾ . ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് സംഘടിപ്പിക്കുന്ന പ്രധാന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ചുവപ്പ് കോട്ട, കർത്തവ്യപഥ് തുടങ്ങി ഡൽഹിയിലെ പ്രധാന കേന്ദ്രങ്ങളിൽ യോഗാ ദിനത്തോടനുബന്ധിച്ച് വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

# HEADLINE-5

**RAIN KERALA**

കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കനത്ത മഴയുടെ സാഹചര്യത്തിൽ കാസർകോട് ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാകളക്ടർ ഇന്ന് അവധി നൽകി. വെള്ളരിക്കുണ്ട് താലൂക്കിലെ കോട്ടമലയിൽ ഉരുൾപൊട്ടി. ജില്ലയിലെ വിവിധ നദികൾ കരകവിഞ്ഞ് ഒഴുകുകയാണ് കുട്ടനാട് താലൂക്കിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകിയിട്ടുണ്ട്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

**IMD RAIN**

കർണാടക, കൊങ്കൺ, ഗോവ മേഖലയിൽ വ്യാഴാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തീരദേശ

കർണാടകയിലെ കനത്ത മഴയിൽ മൂന്ന് മരണം റിപ്പോർട്ട് ചെയ്തു. വീടുകൾക്ക് വ്യാപക നാശനഷ്ടമുണ്ടായതിന് പുറമേ മണ്ണിടിച്ചിലും, ഗതാഗത തടസ്സവും, വൈദ്യുതി തകരാറും സംഭവിച്ചിട്ടുണ്ട്. ദക്ഷിണ കന്നഡ, ഉത്തര കന്നഡ, ഉഡുപ്പി, കുടക് മേഖലയിൽ മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ വിഭാഗത്തിൻറെ മുന്നറിയിപ്പ്.

&&&&&&&&&&&&&&

**BIHAR DEATHS**

ബിഹാറിലെ എട്ട് ജില്ലകളിലായി കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ഇടിമിന്നലേറ്റ് 14 പേർ മരിച്ചു. അടുത്ത 24 മണിക്കൂറിനുള്ളിൽ തെക്ക് പടിഞ്ഞാറൻ മൺസൂൺ ബിഹാറിൽ എത്താൻ സാധ്യതയുള്ളതിനാൽജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്തനിവാരണ വകുപ്പ് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&

**.INDIAN DIASPORA IN CROATIA**

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ക്രൊയേഷ്യ സന്ദർശിക്കും. ക്രൊയേഷ്യ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് ശ്രീ മോദി. പ്രധാനമന്ത്രിയുടെ സന്ദർശനം ആഘോഷമാക്കാനുള്ള തയ്യാറെടുപ്പിലാണ് ക്രൊയേഷ്യയിലെ ഇന്ത്യൻ സമൂഹം. ഇന്ത്യ-ക്രൊയേഷ്യ ബന്ധം ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്നാണ് വിലയിരുത്തൽ.

&&&&&&&&&&&&&&

**VAISHNAW - MANESAR**

രാജ്യത്തെ ഏറ്റവും വലിയ മൾട്ടി മോഡൽ കാർഗോ ടെർമിനൽ ഹരിയാനയിലെ മനേസറിൽ കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് ഉദ്ഘാടനം ചെയ്തു. 45 ഏക്കറിൽ വ്യാപിച്ച് കിടക്കുന്ന കാർഗോ ടെർമിനലിന് നാല് ലക്ഷത്തി 50,000 വാഹനങ്ങളെ വഹിക്കാൻ ശേഷിയുണ്ട്.

**&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&&&&&&&&&&&&**